## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7088** **16/07/2012 -ൽ മറുപടിക്ക്**

## എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിലെ തെറ്റ് തിരുത്താൻ നിലവിലുള്ള സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ :<br>ശ്രീ. പി.എ. മാധവൻ :<br>ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. പി.സി. വിഷ്ണുനാഥ് : | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിലെ തെറ്റ് തിരുത്താൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത്; വിശദമാക്കുമോ; | (എ) എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി, ജനനസ്ഥലം, മാതാപിതാക്കളുടെ പേര്, മേൽവിലാസം എന്നിവ തിരുത്തുന്നതിന് നിലവിലുണ്ടായിരുന്ന സങ്കീർണ്ണമായ നടപടിക്രമങ്ങൾ ഗണ്യമായി ലഘൂകരിച്ചിട്ടുണ്ട്. പൗരാവകാശരേഖ പ്രകാരം ജനനത്തീയതി തിരുത്തി നല്കുന്നതിന് 6 (ആറ്) മാസം കാലാവധിയായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജനനസർട്ടിഫിക്കറ്റ് മാത്രം ആധികാരിക രേഖയായി പരിഗണിക്കുന്നതിനാൽ പൊതുവെ 2 (രണ്ട്) മാസത്തിനകം ജനനത്തീയതി തിരുത്തി നൽകുന്നു. തിരുത്തലുകളുമായി ബന്ധപ്പെട്ട അപേക്ഷാഫാറം പരീക്ഷാഭവന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. രാജ്യത്തിനകത്തും വിദേശരാജ്യങ്ങളിലും വിദ്യാഭ്യാസം, തൊഴിൽ, ഇന്റർവ്യൂകൾ, പരീക്ഷ, പാസ്പോർട്ട്, വിസ ഇവ സംബന്ധമായി ലഭിക്കുന്ന അപേക്ഷകൾക്ക് ആയതിന്റെ രേഖകൾ പൂർണരൂപത്തിൽ സമർപ്പിക്കുന്ന പക്ഷം രണ്ട് ദിവസത്തിനകം എസ്.എസ്.എൽ.സി. ബുക്കിൽ ആവശ്യമായ തിരുത്തലുകൾ നടത്തി നൽകുന്നതാണ്. |

(..............2)

| | | | |
|---|---|---|---|
| (ബി) | ഇവ പരിഹരിക്കുന്നതിന് ജില്ലകൾ തോറും നടത്തുന്ന അദാലത്തുകൾ വഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത് ; | (ബി) | ജില്ലകൾ തോറും നടത്തുന്ന അദാലത്തുകളിൽ എസ്.എസ്.എൽ.സി. ബുക്കിലെ തിരുത്തലുകളുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും സ്വീകരിക്കും. അദാലത്ത് വേദിയിൽ വച്ച് പരിഹരിക്കാൻ കഴിയാത്തതായതിനാൽ ലഭിക്കുന്ന അപേക്ഷകൾ പരീക്ഷാഭവനിൽ കൊണ്ടുവന്ന് തരംതിരിച്ച് പരീക്ഷാഭവനിലെ എല്ലാ ജീവനക്കാരുടെയും സഹായത്തോടെ പതിവ് ജോലിക്ക് പുറമേയുള്ള അധിക സമയമുപയോഗിച്ച് ഒരു മാസത്തിനകം തീർപ്പാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. അതാത് ജില്ലകളിൽ വെച്ചുതന്നെ അപേക്ഷ സൂക്ഷ്മപരിശോധനക്കു വിധേയമാക്കുന്നതിനാൽ അപേക്ഷകളിലെ ന്യൂനത അപ്പോൾ തന്നെ പരിഹരിക്കുന്നതിനും കാലതാമസമൊഴിവാക്കുന്നതിനും കഴിയുന്നു. |
| (സി) | അദാലത്തിൽ ലഭിക്കുന്ന പരാതികൾക്ക് സമയബന്ധിതമായി പരിഹാരമുണ്ടാക്കുമോ ? | (സി) | ആവശ്യമായ രേഖകൾ സഹിതം പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ നിയമവിധേയമായി നടപടി പൂർത്തിയാക്കി 30 ദിവസത്തിനകം നല്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ